പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 150 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>" എ. പ്രദീപ്കുമാർ<br>" ബി.സത്യൻ<br>" സി.കൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കട്ടയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽ നിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും, മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ. ടി.സി.യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്നു ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളെ പുനഃക്രമീകരിക്കുകയും വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പുതുക്കുകയും ഇതിൻ പ്രകാരം 49 റൂട്ടുകളായി 88 ബസ്സുകൾ ഉപയോഗിച്ച് പുതുതായി 8865 കി.മീറ്റർ ദൂരം സർവ്വീസ് ആരംഭിക്കണം എന്ന് വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | ചെയ്യുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും, പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും, ഡീസൽ ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വരുമാനം വർദ്ധിപ്പിച്ചും ചെലവു ചുരുക്കിയും സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കെ.എസ്.ആർ.ടി.സി. യെ കര കയറ്റുന്നതിന് കൈക്കൊണ്ട കാര്യക്ഷമമായ നടപടികളുടെ ഫലമായി മാസവരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എപ്രകാരമാണെന്ന് അറിയിക്കാമോ; | (ബി) | പുനരുദ്ധാരണ നടപടികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തെ വരുമാനം 185,08,78,552/- രൂപ ആയിരുന്നു. സെപ്റ്റംബർ മാസം 191,85,83,484/- രൂപയാണ്.<br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം/ ടെണ്ടർ നടപടിയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും, കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള വസ്തുവിലും, ക്യാന്റീൻ സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസിലെയും, ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നല്കി വരികയാണ്.<br>ടിക്കറ്റിതര വരുമാനം 2017-18 ലെ പ്രതിമാസ ശരാശരി വരുമാനമായ 1.70 കോടിയിൽ നിന്നും പ്രതിമാസ ശരാശരി വരുമാനം 3.14 കോടിയായി വർദ്ധിച്ചു. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പുനക്രമീകരണം വരുമാന വർദ്ധനയ്ക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്ക്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തി വരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് |
| (ഡി) | പുനക്രമീകരണം സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ പരിഹരിച്ച് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തി വരുന്നു.<br>കെ.എസ്.ആർ.ടി.സി.യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകൾ ഇപ്പോൾ ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. ഉപയോഗിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**